## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3174 | 07-11-2019 -ൽ മറുപടിക്ക്

## ചേലക്കര മണ്ഡലത്തിലെ ദുരിതബാധിതർക്ക് ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.യു. ആർ. പ്രദീപ് : | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | 2018-ലെ മഹാപ്രളയത്തിൽ ചേലക്കര നിയോജകമണ്ഡലത്തിലെ എത്ര വീട്ടുകൾ യഥാക്രമം പൂർണ്ണമായും ഭാഗികമായും തകർന്നിട്ടുണ്ടെന്ന് അറിയിക്കുമോ; | എ) | 2018-ലെ പ്രളയക്കെടുതിയിൽ ചേലക്കര മണ്ഡലത്തിൽ 166 വീട്ടുകൾ പൂർണ്ണമായും 569 വീട്ടുകൾ ഭാഗികമായും തകർന്നതായി കണക്കാക്കിയിട്ടുള്ളതാണ്. |
| ബി) | ഇതിൽ പൂർണ്ണമായി തകർന്ന എത്ര വീട്ടുകൾ പുനർനിർമ്മിച്ചു നൽകിയിട്ടുണ്ട്; കെയർഹോം പദ്ധതി പ്രകാരം എത്ര വീട്ടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട് വിശദാംശം നൽകുമോ; | ബി) | ഇതിൽ 68 വീട്ടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്, 67 വീട്ടുകളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. കെയർ ഹോം പദ്ധതി പ്രകാരം ചേലക്കര മണ്ഡലത്തിൽ നിർമ്മിച്ചു നൽകുന്ന 24 വീട്ടുകളിൽ 21 വീട്ടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്. |
| സി) | ഭാഗികമായി വീട് തകർന്ന എത്ര പേർക്ക് തലപ്പിള്ളി താലൂക്കാഫീസ് മുഖേന ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ; | സി) | ഭാഗികമായി തകർന്ന ചേലക്കര മണ്ഡലത്തിലെ 569 വീട്ടുകൾക്കും തലപ്പിള്ളി താലൂക്കാഫീസ് മുഖേന ധനസഹായം അനുവദിച്ച് നൽകിയിട്ടുള്ളതാണ്. |
| ഡി) | വീട്ടുകളിൽ വെള്ളം കയറി നാശനഷ്ടം ഉണ്ടായത് കണക്കിലെടുത്ത് എത്ര പേർക്ക് പതിനായിരം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | ഡി) | വീട്ടുകളിൽ വെള്ളം കയറി നാശനഷ്ടം ഉണ്ടായത് കണക്കിലെടുത്ത് 636 പേർക്ക് പതിനായിരം രൂപ വീതം തലപ്പിള്ളി താലൂക്കാഫീസ് മുഖേന ധനസഹായം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ